ഉത്തരം

(എ—ഇ) വിവരം ശേഖരിച്ചുവരുന്നു.

സ്വാതന്ത്ര്യ സമര സേനാനികളായ ഖാദി-ഹിന്ദി പ്രചാരകർക്ക് പെൻഷൻ

61 [3112] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വാതന്ത്ര്യ സമര സേനാനികളായ ഖാദി-ഹിന്ദി പ്രചാരകർക്കുവേണ്ടി പെൻഷൻ പദ്ധതി നടപ്പിലാക്കുമെന്ന് മുഖ്യമന്ത്രി പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) ഇതനുസരിച്ചുള്ള പദ്ധതി നടപ്പിലാക്കി തുടങ്ങിയോ; എങ്കിൽ ഈ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നതിന് എത്ര അപേക്ഷകൾ ലഭിച്ചു എന്നു പറയുമോ;

(സി) അപേക്ഷകരിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചു;

(ഡി) തിരുവനന്തപുരം ജില്ലയിൽ നിന്ന് എത്ര അപേക്ഷ ലഭിച്ചു; അതിൽ എത്ര പേർക്ക് പെൻഷൻ അനുവദിച്ചു; തിരുവനന്തപുരം ജില്ലയിൽ നിന്നുള്ള അപേക്ഷകരിൽ പെൻഷൻ ലഭിക്കാത്തവർ എത്ര പേരുണ്ട്; ഇവർക്ക് പെൻഷൻ അനുവദിക്കാതിരുന്നതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഇ) ഇവർക്കുകൂടി ഉടൻ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി നടപ്പിലാക്കി തുടങ്ങിയിട്ടുണ്ട്. ലഭിച്ച അപേക്ഷകൾ സംബന്ധിച്ചുള്ള വിവരം ശേഖരിച്ചുവരുന്നു.

(സി) ജി.ഒ.പി. നമ്പർ 359/04 ജി.എ.ഡി. തീയതി, 20-12-2004 ഉത്തരവ് പ്രകാരം 72 പേർക്ക് പെൻഷൻ അനുവദിച്ചു.

(ഡി ആന്റ് ഇ) വിവരം ശേഖരിച്ചുവരുന്നു.

കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവയുടെ വികസനം

62 [3113] ശ്രീ. ടി. എം. ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡൽഹിയിലുള്ള കേരള ഹൗസ്, ട്രാവൻകൂർ ഹൗസ്, കപൂർത്തല പ്ലോട്ട് എന്നിവയുടെ സമഗ്ര വികസനത്തിനുവേണ്ടി 2001 മുതൽ എന്തെല്ലാം നടപടികൾ ഗവൺമെന്റ് സ്വീകരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വകാര്യ സ്ഥാപനങ്ങൾക്ക് വാടകയ്ക്കോ, പാട്ടത്തിനോ ഏതെങ്കിലും ഭാഗം നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ന്യൂഡൽഹിയിലെ ട്രാവൻകൂർ ഹൗസ് ഒരു ഇൻഫർമേഷൻ, സാംസ്കാരിക ടൂറിസം പ്രൊമോഷൻ കേന്ദ്രമായും കപൂർത്തല പ്ലോട്ട് ഒരു ജോയിന്റ് വെൻചർ റസിഡൻഷ്യൽ ഏരിയ ആയും മാറ്റുന്നതിനായി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനായി റിച്ചാർഡ് എല്ലീസ് (പ്രൈ.) ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തിക്കൊണ്ട് 27-5-2002-ൽ ജി.ഒ. (ആർ.റ്റി.) 3220/02/ജി.എ.ഡി. നമ്പർ പ്രകാരം സർക്കാർ ഉത്തരവിട്ടു. 19-5-2003-ൽ പ്രസ്തുത സ്ഥാപനവുമായി ഒരു ധാരണാപത്രം ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട്.

ട്രാവൻകൂർ ഹൗസിലെയും കപൂർത്തല പ്ലോട്ടിന്റേയും ലീസ് ഡീഡുകളുടെ അസ്സൽ ലഭ്യമാക്കിയാൽ മാത്രമേ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കഴിയൂ എന്ന് റിച്ചാർഡ് എല്ലീസ് (പ്രൈ.) ലിമിറ്റഡ് അറിയിച്ചു. പ്രസ്തുത രേഖകൾ ലഭ്യമല്ലാത്തതിനാൽ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ കമ്പനിക്ക് സാധിച്ചിട്ടില്ല.

ഈ സാഹചര്യത്തിൽ റിച്ചാർഡ് എല്ലീസുമായുള്ള കോൺട്രാക്ട് റദ്ദാക്കുവാനും, ഡൽഹിയിലെ വിവിധ മലയാളി സംഘടനകളുമായും മാധ്യമ പ്രതിനിധികളുമായും കേരളത്തിൽ നിന്നുള്ള പാർലമെന്റംഗങ്ങളുമായും ചർച്ചകൾ നടത്തി അവരുടെ അഭിപ്രായങ്ങൾ കൂടി പരിഗണിച്ച് ഇതു സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാനുമാണ് ഇപ്പോൾ ഉദ്ദേശിക്കുന്നത്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

റീജിയണൽ ഡവലപ്പ്മെന്റ് അതോറിറ്റി

63 [314] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ മുന്നു പഞ്ചായത്തുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു റീജിയണൽ ഡവലപ്പ്മെന്റ് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നിർദ്ദേശം ഉണ്ടോ;

(ബി) എങ്കിൽ അതിന്റെ രൂപീകരണം എന്നത്തേക്കുണ്ടാകും;

(സി) ഇല്ലെങ്കിൽ അത് രൂപീകരിക്കുന്നതിന് അടിയന്തിര നടപടി ഉണ്ടാകുമോ?

LIBRARY ARCHIVES Kerala Legislative Assembly